**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4679** | **10-08-2021 - ൽ മറുപടിയ്ക്ക്**

**യോഗ പഠന ഗവേഷണ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യോഗയുടെ പ്രചരണത്തിന് കായിക വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | അന്താരാഷ്ട്ര യോഗദിനാചരണവുമായി ബന്ധപ്പെട്ട് സി-ഡിറ്റിന്റെ സഹായത്തോടെ നിർമ്മിച്ച 30 മിനിറ്റ് ദൈർഘ്യമുള്ള യോഗ പരിശീലന വീഡിയോ 2021 ജൂൺ 21ന് വിക്ടേഴ്സ് ചാനൽ വഴി സംപ്രേക്ഷണം ചെയ്തിരുന്നു. പ്രസ്തുത വീഡിയോ സോഷ്യൽ മീഡിയ, ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ പൊതുജനങ്ങളിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കേരളത്തിലെ സ്കൂളുകളിൽ യോഗ പരിശീലിപ്പിക്കുന്നതിന് വേണ്ടി "യോഗ ഫോർ ഓൾ" എന്ന ഒരു പദ്ധതി രൂപകല്പന ചെയ്തിട്ടുണ്ട്. കൂടാതെ പൊതുഭരണ വകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീമതി.എം.എസ്.ചിത്ര അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് യു.എൻ ആസ്ഥാനത്തു യോഗ സംബന്ധമായ പ്രബന്ധം അവതരിപ്പിച്ചിട്ടുണ്ട്. |
| (ബി) | അന്തർദ്ദേശീയ യോഗ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | 2019-20 ലെ ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ കണ്ണൂരിൽ അന്തർദേശീയ യോഗ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഗവേഷണ കേന്ദ്രത്തിന്റെ സ്ഥാപനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | 2019-20 ബഡ്ജറ്റിലെ മറുപടി പ്രസംഗത്തിൽ കണ്ണൂരിൽ അന്താരാഷ്ട്ര യോഗാ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത ഗവേഷണ കേന്ദ്രം കണ്ണൂരിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിലേയ്ക്കായി കണ്ണൂർ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടതിൻ പ്രകാരം കേരള യോഗ അസോസിയേഷൻ മുഴക്കുന്ന് വില്ലേജിൽ സ്വകാര്യ വ്യക്തികളുടെ 10 ഏക്കർ സ്ഥലത്ത് യോഗ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിരുന്നു. പ്രസ്തുത സ്ഥലം നൽകുന്നതിൽ നിന്നും സ്വകാര്യ വ്യക്തികൾ പിൻമാറിയതിനാൽ, യോഗ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | കണ്ണൂർ ജില്ലയിൽ അനുയോജ്യമായ മറ്റ് സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | 2020-21 ബജറ്റിൽ ഇതിനായി എത്ര തുകയാണ് വകയിരുത്തിയത് എന്ന് വ്യക്തമാക്കാമോ? | (ഡി) | 2020-21 ബജറ്റ് പ്രസംഗത്തിൽ കണ്ണൂർ ആറളം ഇന്റർനാഷണൽ യോഗ കേന്ദ്രത്തിനായി 2 കോടി രൂപ വകയിരുത്തിയിരുന്നു. 2020-21 ലെ ആദ്യ ബാച്ച് എസ്.ഡി.ജിയിൽ 2204-104-08-13 ശീർഷകത്തിൽ പ്രസ്തുത യോഗ കേന്ദ്രത്തിന് 1000രൂപ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ